## പതിനാലാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1751** **04-12-2018 ലെ മറുപടിയ്ക്ക്**

### കൽപ്പാത്തി പൈതൃകഗ്രാമം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ :** | | **ശ്രീ. എ.സി മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) പൈതൃകഗ്രാമമായി പ്രഖ്യാപിച്ചിട്ടുളള-പാലക്കാട് ജില്ലയിലെ കൽപ്പാത്തി ഗ്രാമത്തിലെ വീട്ടുകളിലെ അറ്റകുറ്റപണികൾ ചെയ്യുന്നതിന് തിരുവനന്തപുരത്തെ ഹെറിറ്റേജ് കമ്മിറ്റിയുടെ അനുമതി ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത സാങ്കേതിക പ്രശ്നം പരിഹരിക്കു-ന്നതിനായി സർക്കാർ ഇതുവരെ നടത്തിയിട്ടുള്ള നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;<br><br>(ബി) ഈ ഗ്രാമങ്ങളിലെ വീട് നിർമ്മാണം, പുനർനിർമ്മാണം എന്നിവയ്ക്കുള്ള അനുമതി പാലക്കാട് നഗരസഭയിൽ നിന്നുതന്നെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ ? | (എ) യും (ബി) യും | പാലക്കാട് ജില്ലയിലെ കൽപ്പാത്തി ഗ്രാമത്തിൽ ഉൾപ്പെടുന്ന അഗ്രഹാരങ്ങൾ വളരെയധികം പൈതൃക പ്രാധാന്യമുള്ളവയാണ്. എന്നാൽ സമീപ കാലങ്ങളിൽ ഇവയിൽ പല അഗ്രഹാരങ്ങളും പൊളിച്ചു കളഞ്ഞ് പുതിയ ശൈലിയിൽ പുനർ നിർമ്മാണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ, കൽപ്പാത്തി ഗ്രാമത്തിന്റെ പൈതൃക സ്വഭാവം നിലനിർത്തുന്നതിനായി 11/11/2009-ലെ G.O. (MS) No.210/09/തസ്വഭവ ഉത്തരവ് പ്രകാരം പാലക്കാട് മാസ്റ്റർ പ്ലാനിന്റെ മേഖലാ നിയന്ത്രണ ചട്ടങ്ങളിൽ ടി പ്രദേശത്തെ പൈതൃക സംരക്ഷണ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത മേഖലാ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം, ടി പ്രദേശത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് KMBR 99 -ലെ ചട്ടം 154 പ്രകാരം രൂപീകരിച്ച ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിൽ, കമ്മീഷന് ആവശ്യമുള്ള പക്ഷം, ഈ ആവശ്യത്തിലേയ്ക്കായി കമ്മിറ്റി രൂപീകരിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ മെമ്പർ സെക്രട്ടറി ചീഫ് ടൗൺ പ്ലാനർ ആയതിനാൽ ചീഫ് ടൗൺ പ്ലാനറുടെ ഓഫീസാണ് കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ടി ഓഫീസിൽ വെച്ച് കൂടുന്ന ആർട്ട് & ഹെറിറ്റേജ് കമ്മീഷൻ നിയോഗിച്ചിട്ടുള്ള കമ്മിറ്റിയാണ് മേൽ സൂചിത കെട്ടിട നിർമ്മാണ അപേക്ഷകൾ പരിഗണിച്ച് തീരുമാനം കൈക്കൊള്ളുന്നത്.

ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ അനുമതിയ്ക്കായി ലഭിക്കുന്ന അപേക്ഷകളിൽ ഒട്ടു മിക്കവയും ഈ പ്രദേശത്തെ പൊതു സ്വഭാവത്തിനും മേഖലാ നിയന്ത്രണ ചട്ടങ്ങൾക്കും അനുസൃതമല്ലാത്തതിനാൽ അവ പല പ്രാവശ്യം പുതുക്കേണ്ടതായി വരുന്നു. തൻമൂലം അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഇത് ഒഴിവാക്കുന്നതിനായി ടി അപേക്ഷകൾ പരിശോധിച്ച്, അപാകതകൾ പരിഹരിച്ച അപേക്ഷകൾ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ജില്ലാ-തലത്തിൽ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു സബ് കമ്മിറ്റി രൂപീകരിക്കുന്നതിന് പാലക്കാട് ജില്ലാ ടൗൺ പ്ലാനർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ